**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5311** | **21-07-2022 - ൽ മറുപടിയ്ക്ക്**

**ആശ്വാസകിരണം പദ്ധതി**

| **ചോദ്യം** | | **ഉത്തരം** | |
|---|---|---|---|
| **ശ്രീ സി ആർ മഹേഷ്,<br>ശ്രീ . ഷാഫി പറമ്പിൽ ,<br>ഡോ. മാത്യു കുഴൽനാടൻ,<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ** | | **ഡോ. ആർ ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി)** | |
| (എ) | ആശ്വാസ കിരണം പദ്ധതി പ്രകാരമുള്ള പെൻഷൻ കുടിശ്ശികയായിട്ടുണ്ടോ; എങ്കിൽ ഇതു പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (എ) | കേരള സാമൂഹ്യ സുരക്ഷാ മിഷൻ നടപ്പിലാക്കി വരുന്ന ആശ്വാസകിരണം പദ്ധതി പ്രകാരമുള്ള പ്രതിമാസ ധനസഹായം ഫണ്ടിന്റെ ലഭ്യതയ്ക്ക് അനുസൃതമായി പ്രതിമാസം 600 രൂപ വീതം നൽകി വരുന്നുണ്ട്. കഴിഞ്ഞ സാമ്പത്തിക വർഷം (2021-22) ബഡ്ജറ്റ് വിഹിതമായി ലഭിച്ച 40 കോടി രൂപ ചെലവഴിച്ച് 9 ജില്ലകളിലെ ഗുണഭോക്താക്കൾക്ക് 7 മാസത്തെയും 5 ജില്ലകളിലെ ഗുണഭോക്താക്കൾക്ക് 6 മാസത്തേയും കുടിശ്ശിക ധനസഹായം വിതരണം ചെയ്തു. കൊല്ലം, പത്തനംതിട്ട, കോട്ടയം, ഇടുക്കി, കാസർഗോഡ്, വയനാട് എന്നീ ജില്ലകളിലെ ഗുണഭോക്താക്കൾക്ക് 2020 സെപ്റ്റംബർ മാസം വരെയും ബാക്കി 8 ജില്ലകളിലെ ഗുണഭോക്താക്കൾക്ക് 2020 ആഗസ്റ്റ് മാസം വരെയുമുള്ള ധനസഹായം അനുവദിച്ച് നൽകിയിട്ടുണ്ട്. നടപ്പ് സാമ്പത്തിക വർഷം 42.5 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. പ്രസ്തുത തുക ഉപയോഗിച്ച് ഗുണഭോക്താക്കൾക്ക് കഴിയുന്നത്ര വേഗം ധനസഹായം വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിച്ച് വരുന്നു.<br><br>11.10.2012 തീയതിലെ സ.ഉ (എം.എസ്) നം.60/2012/സാക്ഷേവ പ്രകാരം ആശ്വാസകിരണം പദ്ധതിയുടെ മാനദണ്ഡം ലഘൂകരിക്കുകയും ആനുകൂല്യം ലഭിക്കുന്ന ശയ്യാവലംബർ, ബുദ്ധിമാന്ദ്യം, ഓട്ടിസം, സെറിബ്രൽ പാൾസി, മാനസിക വൈകല്യമുള്ളവർ, മാനസിക രോഗികൾ, എന്നിവയ്ക്ക് പുറമെ 100% അന്ധത ബാധിച്ചവരെയും, പ്രായാധിക്യം കൊണ്ടും ക്യാൻസർ മുതലായ പലവിധ ഗുരുതരമായ രോഗങ്ങളാലും കിടപ്പിലായവരെയും ദൈനംദിന കാര്യങ്ങൾക്ക് പരസഹായം ആവശ്യമാവുകയും ചെയ്യുന്ന അവസ്ഥയിലുള്ള മുഴുവൻ |

| | | | |
| --- | --- | --- | --- |
| | | | ആളുകളുടെ പരിചാരകരെയും ഈ പദ്ധതിയിൽ ഉൾപ്പെടുത്തി ഉത്തരവായി. തന്മൂലം പ്രസ്തുത പദ്ധതിയിലെ അപേക്ഷകളുടെ എണ്ണം ക്രമാതീതമായി വർദ്ധിക്കുകയും ബഡ്ജറ്റ് വിഹിതത്തിനെക്കാൾ കൂടുതൽ തുക പദ്ധതിക്ക് ആവശ്യമായി വരുന്ന സാഹചര്യം സംജാതമാകുകയും ചെയ്തു.<br><br>ഗുണഭോക്താക്കളുടെ എണ്ണം വർഷം തോറും വർദ്ധിക്കുന്നത് മൂലം ബഡ്ജറ്റ് വിഹിതത്തിനു പുറമേ അധിക ധനവിനിയോഗം ആവശ്യമായി വരുന്നുണ്ട്.<br><br>ഗുണഭോക്താക്കളുടെ എണ്ണം വർഷംതോറും വളരെ കൂടി വരുന്നതിനാൽ അധിക തുക ലഭ്യമാക്കുന്നതിനായി നടപടി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ